"ഭരണഭാഷ- മാതൃഭാഷ"
A2/85/2025-CLAD

**കേരള സർക്കാർ**

## സംഗ്രഹം

കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം, പാലക്കാട് വി.ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം, കാസർഗോഡ് സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയം എന്നിവയുടെ നടത്തിപ്പിനായി ആവശ്യമായ ജീവനക്കാരെ താൽകാലികമായി നിയോഗിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.397/2025/CLAD തീയതി,തിരുവനന്തപുരം, 21-07-2025

---

പരാമർശം:-
1. ബഹു സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 23.05.2025 തീയതിയിൽ ചേർന്ന യോഗതീരുമാനം
2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 05.07.2025 തീയതിയിലെ പി4-918/23/സാം.വ.നമ്പർ കത്ത്

## ഉത്തരവ്

കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം, പാലക്കാട് വി.ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം, കാസർഗോഡ് സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയം എന്നിവയുടെ നിർമ്മാണം പൂർത്തിയായ സാഹചര്യത്തിൽ ടി സാംസ്കാരിക സമുച്ചയങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 2025 മെയ് 23-ന് ചേർന്ന യോഗത്തിൽ, ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം തീരുമാനങ്ങൾ എടുത്തിരുന്നു.

2. സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിന്റെ മേൽനോട്ടത്തിൽ കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ ചുവടെ പറയും പ്രകാരം താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

| പദവി/സേവനം | ഉദ്യോഗസ്ഥരുടെ എണ്ണം | നിയമന രീതി /മേൽനോട്ടം/വിശദാംശങ്ങൾ |
|---|---|---|
| ക്ലർക്ക് | 1 | വർക്കിംഗ് അറേഞ്ച്മെൻ്റ് സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് |
| ഓഫീസ് അറ്റൻഡർ | 1 | വർക്കിംഗ് അറേഞ്ച്മെൻ്റ് സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് |
| ജൂനിയർ സൂപ്രണ്ട് | 1 | മേൽനോട്ട ചുമതല സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് |
| ഡെപ്യൂട്ടി ഡയറക്ടർ | 1 | മേൽനോട്ട ചുമതല സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് |
| എ.സി മെക്കാനിക്ക് | 1 | ദിവസ വേതനാടിസ്ഥാനത്തിൽ |
| ക്ലീനിംഗ് ജോലിക്കാർ | 3 | കുടുംബശ്രീ വഴി |
| സെക്യൂരിറ്റി ജീവനക്കാർ | 3 | കെക്സ്കോൺ വഴി |

**3.** ഈ മാതൃകയിൽ, പാലക്കാട്, കാസർഗോഡ് സാംസ്കാരിക സമുച്ചയങ്ങളിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ പ്രൊപോസൽ സമർപ്പിക്കുകയുണ്ടായി.

| ക്രമ നമ്പർ | പദവി/സേവനം | എണ്ണം | നിയമന രീതി | സ്ഥാപനം |
|---|---|---|---|---|
| 1 | ക്ലർക്ക് | 1 | വർക്കിംഗ് അറേഞ്ച്മെന്റ് | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ |
| 2 | ക്ലർക്ക് | 1 | വർക്കിംഗ് അറേഞ്ച്മെന്റ് | കേരള ചലച്ചിത്ര അക്കാദമി |
| 3 | ഓഫീസ് അറ്റൻഡർ | 1 | വർക്കിംഗ് അറേഞ്ച്മെന്റ് | വാസ്തുവിദ്യ ഗുരുകുലം |
| 4 | ഓഫീസ് അറ്റൻഡർ | 1 | വർക്കിംഗ് അറേഞ്ച്മെന്റ് | കേരള കലാമണ്ഡലം |
| 5 | ഓഫീസ് അറ്റൻഡർ | 1 | വർക്കിംഗ് അറേഞ്ച്മെന്റ് | കേരള ലളിതകലാ അക്കാദമി |
| 6 | ഓഫീസ് അറ്റൻഡർ | 1 | വർക്കിംഗ് അറേഞ്ച്മെന്റ് | കേരള സാഹിത്യ അക്കാദമി |
| 7 | ക്ലീനിംഗ് ജോലിക്കാർ | 3 | കുടുംബശ്രീ വഴി | ഓരോ സമുച്ചയത്തിലേക്കും |
| 8 | സെക്യൂരിറ്റി ജീവനക്കാർ | 3 | കെക്സ്കോൺ വഴി | ഓരോ സമുച്ചയത്തിലേക്കും |
| 9 | ടെക്നീഷ്യൻ (എ.സി/ഇലക്ട്രോണിക്) | 1 | ദിവസ വേതനാടിസ്ഥാനത്തിൽ | ഓരോ സമുച്ചയത്തിലേക്കും |
| 10 | ഗാർഡനർ | 1 | ദിവസ വേതനാടിസ്ഥാനത്തിൽ | ഓരോ സമുച്ചയത്തിലേക്കും |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക 2-ലെ പട്ടിക പ്രകാരം കൊല്ലം സമുച്ചയത്തിന്റേയും ഖണ്ഡിക 3-ലെ പട്ടിക പ്രകാരം പാലക്കാട്, കാസർഗോഡ് സമുച്ചയങ്ങളുടേയും പരിപാലനത്തിനായി ജീവനക്കാരെ നിയമിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു. മേല്പറഞ്ഞ പ്രകാരമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് സംബന്ധിച്ച കാലാവധി നിജപ്പെടുത്തൽ, വേതനം, പ്രവർത്തന വിലയിരുത്തൽ, ചുമതലകൾ, സുരക്ഷാ മാനദണ്ഡങ്ങൾ, പുറംകരാർ വ്യവസ്ഥകൾ എന്നിവ സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ നിയമാനുസൃതമായി നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി , കേരള ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ , കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യ ഗുരുകുലം
രജിസ്ട്രാർ, കേരള കലാമണ്ഡലം, തൃശ്ശൂർ
സെക്രട്ടറി , കേരള ലളിതകലാ അക്കാദമി,തൃശ്ശൂർ
ചെയർപേഴ്സൺ, കേരള ലളിതകലാ അക്കാദമി,തൃശ്ശൂർ
സെക്രട്ടറി , കേരള സാഹിത്യ അക്കാദമി,തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 21-07-2025 11:48:13

പകർപ്പ്:

ബഹു. സാംസ്കാരിക വകുപ്പു മന്ത്രിയുടെ പി.എസ്.-ന്